Despatched
07.8/2/22

4/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1828(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 15731/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 4**

ശ്രീ. എസ്. സുരേന്ദ്രൻ,
സുനിലാ നിവാസ്,
പാരിപ്പള്ളി, കൊല്ലം – 691 574. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട് (എൽ.ആർ (ഡി) സെക്ഷൻ,
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്,
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം.
2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ),
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്,
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 21/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/12/2021 |
| ഹിയറിംഗ് നടന്ന തീയതി | **01/02/2022 -(വീഡിയോ ഹിയറിംഗ്)** |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | **ഹാജരായി**<br>**ഹാജരായി** |

## ഉത്തരവ്

ശ്രീ. എസ്. സുരേന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലാണ് രണ്ടാം അപ്പീൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. 14/09/2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പാരിപ്പള്ളി വില്ലേജാഫീസറായിരുന്ന ശ്രീ. ബാബുവിനെതിരെ പാരിപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം No.980/15 U/s 477A, 112, 34 IPC വകുപ്പ് പ്രകാരമുള്ള കുറ്റാരോപണങ്ങൾക്ക് Cr PC 197 വകുപ്പ് പ്രകാരം പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുണ്ടോ, കുറ്റാരോപണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും റിക്കാർഡുകളും വസ്തുനിഷ്ഠമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിലേക്ക് 30.1.2020-ന് ബഹു. റവന്യു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് Rev-T3/13/2020 എന്ന കത്തും അനുബന്ധ രേഖകളും ഉൾപ്പെടുത്തി ലാന്റ് റവന്യു കമ്മീഷണർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ നിന്നും LRD1/6420/2020 എന്ന ഫയൽ പ്രകാരം നടപടി സ്വീകരിക്കുകയും വീണ്ടും സർക്കാരിൽ നിന്നും 11.12.2020-ൽ ടി ആഫീസിൽ കത്ത് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ സർക്കാർ വക്കീലിന്റെ നിയമോപദേശ റിപ്പോർട്ട്, കൊല്ലം ഡെപ്യൂട്ടി കളക്ടറുടെ (ആർ.ആർ) റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ 17.8.2021-ലെ LR/605/2021/LR(D1) എന്ന ഇ-ഫയൽ പ്രകാരം ബഹു. പ്രിൻസിപ്പൽ സെക്രട്ടറിക്ക് അന്തിമ റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും ടി ഫയലുകൾ പരിശോധിച്ച് താഴെ പറയുന്ന പകർപ്പുകൾ നൽകണമെന്നാണ്:

i. 3754/1975-ാം നമ്പർ വിലയാധാരം നിയമവിരുദ്ധമാണന്നോ അവകാശ തർക്കമാണന്നോ ഉന്നയിച്ചു കൊണ്ടുള്ള ഒരു പരാതി ഹർജിക്കാരൻ ബഹു. കൊല്ലം ഡെപ്യൂട്ടി കളക്ടർക്കോ, ബഹു. ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർക്കോ കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും

ii. പാരിപ്പള്ളി വില്ലേജിലെ പി.വി.രജിസ്റ്ററും, തണ്ടപ്പേർ രജിസ്റ്ററും, 3754/1975, 3464/1977 എന്നീ ആധാരങ്ങളും ബഹു. സബ് കളക്ടർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമപരമായി സാധുതയുള്ള ഒരു ആധാരത്തിന്റെ പിൻബലമില്ലാതെയാണ് 726/08 നമ്പർ പോക്കുവരവ് ചെയ്തതെന്നും, ടി പോക്കുവരവ് പ്രകാരം തണ്ടപ്പേർ അവകാശം സിദ്ധിച്ച ഉഷ, കുശലകുമാരി എന്നിവർ ചേർന്ന് ചമച്ച 2020/11 നമ്പർ ഭാഗപത്രത്തിനെ ആസ്പദമാക്കിയുള്ള 1136/10-11 നമ്പർ പോക്കുവരവ് നിലനിൽക്കുന്നതല്ലെന്നും ആയത് റദ്ദ് ചെയ്യേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടാണ് റദ്ദ് ചെയ്തിട്ടുള്ളതെന്നും ടി 2 ആധാരങ്ങളുടെ അടിസ്ഥാനത്തിലാണ് പോക്കുവരവ് നടത്തിയതെന്ന് തെളിയിക്കുന്ന പി.വി.രജിസ്റ്ററോ തണ്ടപ്പേർ രജിസ്റ്ററോ മറ്റു

വില്ലേജാഫീസിലെ രേഖകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും

iii. ബഹു. സബ് കളക്ടറുടെ ഉത്തരവിനെതിരെ ടിയാൻ ബഹു. കൊല്ലം കളക്ടർക്ക് അപ്പീൽ നൽകിയതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണെന്നും ടി അപ്പീൽ അപേക്ഷയുടെ ഒരു പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 05.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 21.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട 6 ചോദ്യങ്ങളുടെ പകർപ്പുകൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്നും നൽകിയ മറുപടി തികച്ചും സത്യവിരുദ്ധമാണെന്നും ആയതിനാൽ ആദ്യ അപേക്ഷയിൽ ചോദിച്ചിരുന്ന 6 പകർപ്പുകൾ നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിലെ വസ്തുതകൾ പരിശോധിച്ചതുപ്രകാരം 5.11.2021-ന് ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും അപ്പീൽ അപേക്ഷയും, വിവരാവകാശ അപേക്ഷയും വിശദമായി പരിശോധിച്ചതിൽ, അപേക്ഷയിലെ ആദ്യ ചോദ്യം അപേക്ഷകൻ തന്നെ സമർപ്പിച്ചതായി പറയുന്ന ഒരു പരാതിയുടെ പകർപ്പ് ലഭിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ടി പരാതി ഫയലിൽ ലഭ്യമല്ലാത്തതിനാൽ ലഭ്യമല്ല എന്ന വിവരം നൽകിയിരുന്നു എന്നും 2, 3 ചോദ്യങ്ങളിൽ പോക്കുവരവിന് ആസ്പദമായ പി.വി.രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ, വില്ലേജ് രേഖകൾ എന്നിങ്ങനെ വിവിധ രേഖകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും അത് ലഭ്യമല്ല എന്ന് മറുപടി നൽകിയിരുന്നു എന്നും 4-ാമത്തെ ചോദ്യത്തിൽ ഉന്നയിച്ചിരുന്ന ഉത്തരവ് ടി കാര്യാലയത്തിൽ ലഭ്യമായിരുന്നതിനാൽ 4/- രൂപ ഫീസ് അടവാക്കുന്നതിനും 5, 6 പ്രകാരം ആവശ്യപ്പെട്ട രേഖകൾ ടി കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ അപ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരനെയും എസ്.പി.ഐ.ഒ.യേയും നേരിൽ കേട്ടതിലും, ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും വിശദീകരണം ആവശ്യമുള്ളതും നമ്പരിട്ടുമാണ് അപേക്ഷകൻ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതെങ്കിൽ പോലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടു കൂടിയാണ് എസ്.പി.ഐ.ഒ. ഫയലിൽ ലഭ്യമായ വിവരങ്ങൾ കൈമാറിയിട്ടുള്ളതെന്നും ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ മിക്ക വിവരങ്ങളും മറ്റ് ഓഫീസുകളിലായി ചിന്നിച്ചിതറി കിടക്കുന്നതാണെന്ന് ഉത്തമബോധ്യം വന്നതിന്റെ അടിസ്ഥാനത്തിലും ആയത് ഏത് ഓഫീസിലാണെന്ന് വ്യക്തമായി പറയുന്നതിന് എസ്.പി.ഐ.ഒ.ക്ക് ബോധ്യമില്ലാത്തതിനാലുമാണ്

അപ്രകാരം മറുപടി നൽകിയതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ.യുടെ സെക്ഷനിൽ ടി വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയലുകൾ പരിശോധിക്കുന്നതിന് ടിയാന് സമയം അനുവദിക്കാവുന്നതാണെന്നും എസ്.പി.ഐ.ഒ. അറിയിച്ചിരുന്നു എന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയും കൈക്കൊണ്ട തീരുമാനവും ശരി വച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം സർക്കാരിലേയ്ക്ക് സമർപ്പിച്ച ഒരു റിപ്പോർട്ടിനെ ആധാരമാക്കിയുള്ള രേഖകളാണെന്നും പല കാര്യാലയങ്ങളിൽ ലഭ്യമായ വസ്തുതകളെ ആധാരമാക്കി അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന റിപ്പോർട്ടുകളെ ആധാരമാക്കിയാണ് അച്ചടക്ക നടപടി സംബന്ധമായ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഒരു റിപ്പോർട്ടിനെ ആധാരമാക്കിയുള്ള രേഖകളാണെന്നും ടി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത് കൊല്ലം ജില്ലാ സർക്കാർ പ്ലീഡറുടെയും, കൊല്ലം ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയാണെന്നും ടി 2 റിപ്പോർട്ടുകളും അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം മുൻപു തന്നെ കൈപ്പറ്റിയിട്ടുള്ളതാണെന്നും എന്നാൽ ടി റിപ്പോർട്ടിന് ആധാരമായ രേഖകൾ ഏതാണെന്ന് റിപ്പോർട്ട് തയ്യാറാക്കിയ ഓഫീസിലെ ലഭ്യമാകൂ എന്നും ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങൾ പരിശോധിച്ചതിൽ ആയതിൽ പല ചോദ്യങ്ങളും ചോദ്യരൂപത്തിലുള്ളതാണെന്നും ആയത് ഒരു പൊതുസ്ഥാനത്തിന്റെ കൈവശമുള്ള ഫയലുകൾ, പ്രമാണങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയ ഏത് വസ്തുവും നേരിൽ കണ്ട് പരിശോധിക്കുന്നതിനും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കുന്നതിനുള്ള അവകാശമാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകുന്നതെന്നും അപേക്ഷ പരിശോധിച്ചാൽ പാരിപ്പള്ളി വില്ലേജ് ഓഫീസറായ ശ്രീ. ബാബു എന്നവരെ പ്രോസിക്യൂട്ട് ചെയ്യണമെന്ന ഒറ്റ ആവശ്യത്തെ മാത്രം മുൻനിർത്തി പരാതിക്ക് പരിഹാരം കാണാനാണ് ഹർജിക്കാരൻ ശ്രമിക്കുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടിയാന്റെ അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത് വിവരാവകാശ അപേക്ഷയ്ക്ക് സത്യസന്ധമല്ലാത്തതും വ്യക്തമല്ലാത്തതുമായ മറുപടിയാണ് എതിർകക്ഷികൾ

നൽകിയതെന്നാണ്. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ലഭ്യമാകുക, വിവരം നൽകാൻ കഴിയാത്ത കേസുകളിൽ എടുക്കുന്ന തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുക എന്നിവയാണ് ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. ഇക്കാര്യത്തിൽ 4/- രൂപ അടവാക്കി ചലാൻ സമർപ്പിക്കാൻ ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അപ്രകാരം ഹർജിക്കാരൻ ചലാൻ ഒടുക്കിയതായി കാണുന്നില്ല. മാത്രമല്ല എതിർകക്ഷികൾ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് പറയുന്നുണ്ടെങ്കിലും എപ്രകാരമാണ് തൃപ്തികരമല്ലാത്തത് എന്ന് വ്യക്തമാക്കാതെയാണ് അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. ഒന്നാം അപ്പീൽ തീർപ്പിൽ ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് ഒന്നാം അപ്പീൽ അധികാരി വ്യക്തമായി ഖണ്ഡിക തിരിച്ച മറുപടി നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയുള്ളതായി പറയാൻ കഴിയില്ല. എന്നിരുന്നാലും എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനും, ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുമുള്ള അവസരം എതിർകക്ഷികൾ ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★